## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1215 11.02.2016 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ ഭൂമി കയ്യേറ്റത്തെക്കുറിച്ച് അന്വേഷണം

ചോദ്യം

ശ്രീ.വി.ശശി

മറുപടി

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂമി കയ്യേറ്റത്തെക്കുറിച്ച് അന്വേഷിക്കാൻ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ഉണ്ട്. ഈ വിഷയം സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച 07.09.2015-ലെ HRMP No.4780/2015 നമ്പർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇത് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനാരാണെന്ന് അറിയിക്കുമോ ; അന്വേഷണം പൂർത്തീകരിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി)യും (സി)യും<br>ഇത് അന്വേഷിക്കാൻ ശ്രീ.എസ്.ശ്രീജിത് ഐ.പി.എസ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിനെയാണ് മനുഷ്യാവകാശ കമ്മീഷൻ അന്വേഷണ ചുമതല ഏൽപ്പിച്ചത്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് സമർപ്പിക്കുകയും മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും, വിദേശ കമ്പനികൾ സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ചിരുന്ന ഭൂമി, സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ, കേന്ദ്ര ഗവൺമെന്റോ നിലവിലെ കൈവശക്കാർക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, കെ.എൽ.സി നിയമ പ്രകാരം അനധികൃത കൈവശങ്ങൾ കണ്ടെത്തി, സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാൻഡ് റിസംപ്ഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 30.12.2015-ലെ ജി.ഒ(എം.എസ്) 703/2015/ആർ.ഡി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു). കൂടാതെ SRO No.38/2016 (G.O(P)No.24/2016/RD dated 13.01.2016) ആയി നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു).<br>ശ്രീ.എസ്.ശ്രീജിത് ഐ.പി.എസ്-ന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു. |
| (സി) | ഏതെല്ലാം മേഖലയിലെ കയ്യേറ്റത്തെ കുറിച്ചാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | |

ലി.വി.[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്